**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കണ്ണൂർ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന - സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. എ. ആന്റണിക്കെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2650/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.10.2018

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.02.2015 തീയതിയിലെ ഇ 13(വി.ഇ 06/2013/KNR)19478/2013 നം. കത്ത്

2.സർക്കാരിന്റെ 09.03.2016 തീയതിയിലെ ഇയു2/378/15/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ശ്രീ. എ. ആന്റണിസമർപ്പിച്ച 24.05.2016 തീയതിയിലെ പ്രതിവാദപത്രിക.

4. നഗരകാര്യഡയറക്ടറുടെ 20.02.2017 തീയതിയിലെ വി2-9310/2016 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ, ടി നഗരസഭയിലെ പഴയ സെൻട്രൽ മാർക്കറ്റ് കെട്ടിടം പൊളിക്കുന്നതിന് കോൺട്രാക്ട് നൽകിയതുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് നഷ്ടം വരുത്തിയതിനുത്തരവാദിയായി കണ്ടെത്തിയ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. എ. ആന്റണിക്കെതിരായി പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ശ്രീ. എ. ആന്റണി പരാമർശം 3 പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീ. എ. ആന്റണി സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. ശ്രീ. എ. ആന്റണിയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC& A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ ശ്രീ. എ. ആന്റണി -യ്ക്കെതിരെ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 30 ദിവസങ്ങൾക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറായ ശ്രീ.ബി.കെ.ബാലരാജിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ.ബി. കെ ബാലരാജ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ്,
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. എ. ആന്റണി, സെക്ഷൻ ക്ലർക്ക്, കണ്ണൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ